LIBRARY ARCHIVES Kerala Legislative Assembly

**തൊഴിൽ നിയമ ലംഘനം**

55 (2548) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അസംഘടിത മേഖലയിലെ തൊഴിൽ നിയമ ലംഘനവുമായി ബന്ധപ്പെട്ട പരാതികൾ ഈ സർക്കാരിന്റെ കാലത്ത് ലഭിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഇത്തരം തൊഴിൽ നിയമ ലംഘനവുമായി ബന്ധപ്പെട്ട പരാതികളിൽ തൊഴിലാളികൾക്ക് പരിരക്ഷ ഉറപ്പാക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(സി) ടെക്സ്റ്റൈൽ മേഖലയിലെ തൊഴിൽ ചൂഷണം കുറയ്ക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

ഉത്തരം

(എ) ഉണ്ട്. മിനിമം വേതനം ലഭിക്കുന്നില്ല. ആനുകൂല്യങ്ങൾ, ശമ്പള കുടിശ്ശിക, അവധി ദിനങ്ങളിൽ ജോലി ചെയ്യുന്നതിനുള്ള ഇരട്ടി വേതനം, ലീവ് ആനുകൂല്യങ്ങൾ എന്നിവ നൽകുന്നില്ല, അധികസമയം ജോലി ചെയ്യിപ്പിക്കുക എന്നീ പ്രശ്നങ്ങൾ ഉന്നയിച്ച് പരാതികൾ ലഭിച്ചിട്ടുണ്ട്.

(ബി) നിയമലംഘനങ്ങൾ നടക്കുന്നതായി പരാതികൾ ലഭിക്കുന്ന സ്ഥാപനങ്ങളിൽ പരിശോധന നടത്തുകയും കണ്ടെത്തുന്ന നിയമലംഘനങ്ങൾക്ക് നോട്ടീസ് നൽകി നിയമനടപടികൾ സ്വീകരിക്കാറുമുണ്ട്. നിശ്ചിത ഇടവേളകളിലുള്ള സ്ഥാപന പരിശോധനകളിലൂടെ കണ്ടെത്തുന്ന നിയമ ലംഘനങ്ങൾക്ക് തൊഴിൽ വകുപ്പിലെ ഇൻസ്പെക്ടർമാർ നോട്ടീസ് നൽകി തുടർനടപടികൾ സ്വീകരിക്കാറുണ്ട്. കൂടാതെ ജില്ലാ ലേബർ ഓഫീസർ (എൻഫോഴ്സ്മെന്റ്)മാരുടെ നേതൃത്വത്തിൽ സ്ക്വാഡ് പരിശോധനകളും നടത്താറുണ്ട്. അസംഘടിത മേഖലയിൽ പണിയെടുക്കുന്ന വിവിധ തൊഴിലാളികൾക്ക് മിനിമം വേതനം ഉറപ്പ് വരുത്തുന്നതിനും സംസ്ഥാനത്തെ വിവിധ സ്വകാര്യ മേഖലകളിൽ ജോലി ചെയ്യുന്ന തൊഴിലാളികൾക്ക് വേതനം ബാങ്ക് വഴി നൽകുന്നതിനുമായി തിരുവനന്തപുരം ജില്ലയിൽ ആരംഭിച്ച വേതന സുരക്ഷാ പദ്ധതി (ഇ-പേയ്മെന്റ്) മറ്റ് ജില്ലകളിലേക്കും വ്യാപിപ്പിച്ചിട്ടുണ്ട്. ഈ പദ്ധതി നടപ്പിലാക്കുന്നതുവഴി തൊഴിലാളികൾക്ക് ബാങ്ക് മുഖേന വേതനം ലഭ്യമാക്കുന്നതോടൊപ്പം നിയമം അനുശാസിക്കുന്ന കുറഞ്ഞ വേതനം യഥാസമയം ലഭിക്കുന്നുണ്ടെന്ന് ഉറപ്പു വരുത്തുന്നതിനും കൂടാതെ തൊഴിലാളികൾക്ക് വേജ് സ്ലിപ്പ് നേരിട്ട് ഓൺലൈൻ

മുഖേന ലഭ്യമാക്കുന്നതിനും കഴിയുന്നതാണ്. നിശ്ചയിക്കപ്പെട്ട വേതനം കൃത്യസമയത്ത് ലഭ്യമാകുന്നുണ്ടോയെന്ന് തൊഴിൽ വകുപ്പിലെ ഇൻസ്പെക്ടർമാർക്ക് 1948-ലെ മിനിമം വേതന നിയമപ്രകാരവും 1936-ലെ വേതനം കൊടുക്കൽ നിയമപ്രകാരവും ഓൺലൈനായിത്തന്നെ പരിശോധിക്കുന്നതിനും ഇതിൽ വീഴ്ചവരുത്തുന്ന സ്ഥാപന ഉടമകൾക്കെതിരെ നിയമ നടപടികൾ സ്വീകരിക്കുവാനും കഴിയും.

(സി) 18-6-2016-ന് സംസ്ഥാനമൊട്ടാകെയുള്ള 42 ടെക്സ്റ്റൈൽ ഷോപ്പുകളിൽ നടത്തിയ സ്പെഷ്യൽ പരിശോധനയിൽ മിനിമം വേതനം, ലീവ് ആനുകൂല്യങ്ങൾ, ശമ്പളകുടിശ്ശിക, അവധിദിനങ്ങളിൽ ജോലി ചെയ്യതിനുള്ള ഇരട്ടി വേതനം എന്നിവ നൽകാതിരിക്കുക, തൊഴിൽ നിയമപ്രകാരമുള്ള രേഖകളും രജിസ്റ്ററുകളും സൂക്ഷിക്കാതിരിക്കുക, വിശ്രമമുറി, തൊഴിലാളികളുടെ എണ്ണത്തിന് ആനുപാതികമായുള്ള ടോയ്‌ലറ്റ് സൗകര്യം, ക്രഷ് എന്നിവ ഏർപ്പെടുത്താതിരിക്കുക എന്നീ നിയമലംഘനങ്ങൾ കണ്ടെത്തുകയും ആയത് പരിഹരിക്കുന്നതിന് നോട്ടീസ് നൽകുകയും ചെയ്തു. തൊഴിൽ വകുപ്പിന്റെ ശക്തമായ ഇടപെടലിനെ തുടർന്ന് മിക്ക സ്ഥാപനങ്ങളും അപാകതകൾ പരിഹരിച്ച് രേഖകൾ ഹാജരാക്കിയിട്ടുണ്ട്. നിയമലംഘനങ്ങൾ പരിഹരിക്കാത്ത സ്ഥാപന ഉടമകൾക്കെതിരെ കാരണം കാണിക്കൽ നോട്ടീസ്, ക്ലെയിം പെറ്റീഷൻ, പ്രോസിക്യൂഷൻ എന്നീ നിയമനടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

## സ്വാശ്രയ അദ്ധ്യാപകർക്ക് വേതനം

56 (2549) ശ്രീ. സി. കെ. ഹരീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വാശ്രയ സി.ബി.എസ്.ഇ. സ്കൂളുകളിൽ ജോലിനോക്കിവരുന്ന അധ്യാപകർക്ക് നാമമാത്രമായ വേതനമാണ് നൽകി വരുന്നത് എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത്തരം സ്കൂളുകളിൽ മിനിമം വേതനം സുപ്രീംകോടതി വിധി പ്രകാരം നിശ്ചയിച്ചുകൊണ്ട് നിയമനിർമ്മാണം നടത്തുന്നതിനായുള്ള നടപടികൾ സ്വീകരിക്കാമോ;

(സി) വ്യാജരേഖകളുണ്ടാക്കി അമിത ലാഭം കൊയ്യുന്ന ഇത്തരം സ്ഥാപനങ്ങൾക്കെതിരെ നിയമ നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly